**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 697** **13-10-2026-ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ സഹകരണ വകുപ്പിന് കീഴിലുള്ള സ്റ്റോറുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ, നീതി ലാബുകൾ, കൺസ്യൂമർ സ്റ്റോറുകൾ, സഹകരണ ആശുപത്രികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കാമോ;

**മറുപടി:** കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന് കീഴിൽ

നീതി മെഡിക്കൽ സ്റ്റോറുകൾ -97

നീതി ലാബുകൾ - 46

കൺസ്യൂമർ സ്റ്റോറുകൾ - 46

സഹകരണ ആശുപത്രികൾ-13

എന്നിവ പ്രവർത്തിച്ചു വരുന്നു.

**(ബി)** വനിത സഹകരണ സംഘങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവ ശാക്തീകരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**മറുപടി:** വനിതാ സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനു വേണ്ടി സംഘൾക്ക് സർക്കാർ ഓഹരി മൂലധനം, പുനരുദ്ധാരണ പ്രവർത്തന മൂലധന ഗ്രാന്റ് എന്നിവ നൽകി വരുന്നു.

എസ്.സി എസ്.ടി സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനു വേണ്ടി സർക്കാർ ഓഹരി മൂലധനം, സംഘത്തിന്റെ വികസനത്തിനും പുനരുദ്ധാരണത്തിനും വേണ്ടിയുള്ള ധനസഹായം, സ്പെഷ്യൽ റിവൈവൽ സ്കീം, ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തന മൂലധന ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി, കെട്ടിട പുനരുദ്ധാരണ ഗ്രാന്റ്, സംഘങ്ങളുടെ ജീവനക്കാർക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കുമുള്ള പരിശീലന പരിപാടികൾ, പുനർജ്ജനി പദ്ധതി, കെ.ജി.ടി.ഇ. യുമായി സംയോജിച്ച് കമ്പ്യൂട്ടർ പരിശീലന പരിപാടികൾ, സംഘങ്ങളുടെ ആധുനികവത്കരണത്തിനുള്ള ധനസഹായം തുടങ്ങിയവ 2026-2027 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി വരുന്നു.

സഹരണ വകുപ്പിന്റെ 2026-2027 പ്ലാൻ പദ്ധതിയിൽ വനിതാ സഹകരണ സംഘങ്ങൾ, പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവയുടെ ശാക്തീകരണം ലക്ഷ്യമാക്കി പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ വികസന പദ്ധതിക്കായി 444.00 ലക്ഷം രൂപയും വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള സഹായപദ്ധതിക്കായി 320.00 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**